# Desabhimani
## 28 August 2018
## Kochi : Flood, Cleaning

# ശുചീകരണം ഊർജിതം

- ശുചീകരണത്തിന് വാർഡിന് 25,000 രൂപവച്ച് പഞ്ചായത്തുകൾക്ക് 5 ലക്ഷം അനുവദിച്ചിട്ടുണ്ട്
- 1,83,327 മൃഗങ്ങളും പക്ഷികളും പ്രളയക്കെടുതിയിൽ ചത്തു



തൃക്കാക്കരയിൽ നിന്ന് കടമക്കുടിയിൽ ശുചീകരണത്തിനെത്തിയ സംഘം കുടിവെള്ള വിതരണംചെയ്യുന്നു

**കൊച്ചി**

ജില്ലയിൽ പ്രളയം ശക്തമായി ബാധിച്ച 22 പഞ്ചായത്തുകളിൽ ശുചീകരണപ്രവർത്തനങ്ങൾ ജില്ലാ ഭരണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. പഞ്ചായത്തിൽനിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ പഞ്ചായത്തുകളിലെ ഒന്നോ അതിലധികമോ സ്ഥലങ്ങളിൽ തദ്ദേശസ്ഥാപനങ്ങൾ താൽക്കാലികമായി ശേഖരിക്കും. അവിടെനിന്നും ക്ലീൻ കേരള, ജി ജെ ഇക്കോ പവർ എന്നീ കമ്പനികളുടെ സഹായത്തോടെ ജില്ലയിലെ കേന്ദ്രീകൃത സംവിധാനത്തിലേക്കു മാറ്റി പുനഃക്രമീകരിക്കും. ജൈവമാലിന്യങ്ങൾ അതതു പ്രദേശങ്ങളിൽത്തന്നെ വേഗത്തിൽ സംസ്കരിക്കാനും ദുർഗന്ധം ഇല്ലാതാക്കാനുമായി സാനിട്ടീറ്റ്, ബയോക്കുലം എന്നിവ 2.4 ടണ്ണോളം പഞ്ചായത്തുകൾക്കും മുനിസിപ്പാലികൾക്കുമായി വിതരണംചെയ്തു.

കുടിവെള്ളസ്രോതസ്സുകൾ അണുവിമുക്തമാക്കാൻ ആരോഗ്യവകുപ്പും തദ്ദേശസ്വയംഭരണവകുപ്പും യൂണിസെഫുമായി ചേർന്നുള്ള നടപടികൾ അടുത്തദിവസംമുതൽ ആരംഭിക്കും. ഇതിന് കുടുംബശ്രീമുഖേന പരിശീലനം നൽകും. 2200ഓളം പൊലീസുകാർ കോളനികളും വീടുകളും കേന്ദ്രീകരിച്ചും നൂറോളം പേർ പൊതു റോഡുകൾ ശുചീകരിക്കുന്ന പ്രവർത്തനങ്ങളിലും സജീവമാണ്.

ജില്ലയ്ക്കകത്തും പുറത്തുമുള്ള എടിഎകളിലെ വിദ്യാർഥികളും അധ്യാപകരുമായി 250 ഓളം പേർ കളമശേരി എടിഐഎ കേന്ദ്രീകരിച്ച് ജില്ലാ ഭരണകേന്ദ്രത്തിന്റെ നിർദേശമനുസരിച്ച് വിവിധ പഞ്ചായത്തുകളിലേക്ക് വിന്യസിക്കുന്നുണ്ട്. ഒപ്പം കൂത്തുപറമ്പ്, മുനിസിപ്പൽ ചെയർമാന്റെ നേതൃത്വത്തിലുള്ള ടീം, കാസർകോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിലുള്ള ടീം, കണ്ണൂർ, കാസർകോട്, കോഴിക്കോട്, പാലക്കാട് ജില്ലകളിൽനിന്നുമുള്ള ആയിരക്കണക്കിന് പൊതുപ്രവർത്തകർ, സന്നദ്ധപ്രവർത്തകർ തുടങ്ങിയവർ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നുണ്ട്. പ്രളയബാധിതപ്രദേശമായ കുന്നുകര പഞ്ചായത്തിനെ കിഴക്കമ്പലം പഞ്ചായത്ത് ദത്തെടുത്ത് മുഴവൻ ശുചീകരണജോലികളും ചെയ്തുകൊടുക്കും. 25 ഡീസൽ മോട്ടോർപമ്പുകൾകൂടി അടുത്ത ദിവസങ്ങളിൽ പഞ്ചായത്തുകൾക്ക് ലഭ്യമാകും. ഇതിനായി നെടുമ്പാശേരി, പറവൂർ, പുത്തൻകുരിശ് എന്നിവിടങ്ങളിൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ശുചീകരണചെലവുകൾക്കായി വാർഡ് ഒന്നിന് 25,000 രൂപവച്ച് പഞ്ചായത്തുകൾക്ക് അഞ്ചു ലക്ഷം അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഹരിത കേരള മിഷനും ശുചിത്വമിഷനും ചേർന്നാണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നത്.

പറവൂർ, ആലുവ, മൂവാറ്റുപുഴ താലൂക്കുകളിൽ ദുരിതബാധിത പ്രദേശങ്ങളിൽ മൊബൈൽ വെറ്ററിനറി ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്. അഞ്ചുടൺ മരുന്നുകളും വൈപ്പിൻ ബ്ലോക്കിലും പറവൂർ താലൂക്കിലും 30 ടണ്ണോളം കന്നുകാലിഭക്ഷണവും വിതരണം ചെയ്തിട്ടുണ്ട്. പ്രളയക്കെടുതിയിൽ 1,83,327 മൃഗങ്ങളും പക്ഷികളും ചാവുകയും 1679 കന്നുകാലി ഷെഡ്ഡുകൾ തകരുകയുംചെയ്തു.

## ക്യാമ്പുകളിൽ ഇനി 27,077 പേർ

**93,147 കുടുംബങ്ങളിലെ 3,54,729 പേർകൂടി വീടുകളിലേക്കു മടങ്ങി**

**കൊച്ചി**

ജില്ലയിൽ തിങ്കളാഴ്ച 62 ക്യാമ്പുകളിലായി അവശേഷിക്കുന്നത് 7529 കുടുംബങ്ങളിലെ 27,077 പേർ. പറവൂർ താലൂക്കിലാണ് ഏറ്റവുംകൂടുതൽ ക്യാമ്പുകൾ അവശേഷിക്കുന്നത്. 46 ക്യാമ്പുകളിലായി 6,231 കുടുംബങ്ങളിലെ 22,251 പേർ. ആലുവ താലൂക്കിലെ 14 ക്യാമ്പുകളിൽ 1,726 കുടുംബങ്ങളിലെ 4760 പേരുമുണ്ട്. കണയന്നൂർ താലൂക്കിൽ രണ്ടു ക്യാമ്പുകളിലായി 66 പേരുമുണ്ട്. 913 ക്യാമ്പുകൾകൂടി പ്രവർത്തനം നിർത്തി.

ഇതിലെ 93,147 കുടുംബങ്ങളിലെ 3,54,729 പേർ വീടുകളിലേക്ക് മടങ്ങി. നിലവിൽ പ്രവർത്തിക്കുന്ന ക്യാമ്പുകളിൽ നിന്ന് 47196 പേരും തിങ്കളാഴ്ച വീടുകളിലേക്കു മടങ്ങി.